ശ്രീ. ഈ. പി. ഗോപാലൻ : ഒലവക്കോട്ട് എങ്കു് സപ്ലീസ്മെൻ കോവാപ്പറേറീവ് സൊസൈറ്റിയിൽ സ്റ്റെയിൻലസ് സ്റ്റീൽ കരിഞ്ചന്തയിൽ വിൽക്കുന്നതിനെപ്പറ്റി അന്വേഷണം നടത്തിയിട്ട് ഇതുവരെയും യാതൊരു നടപടിയും എടുത്തിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവിടെ ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തുകയും, അതിൽ എന്തു് നടപടികളാണു് എടുത്തിട്ടുള്ളതു് എന്നതിനെപ്പറ്റിയും ഈ സഭയിൽ കുറെ മാസങ്ങൾക്കു് മുമ്പു ഞാൻ പറഞ്ഞിട്ടുള്ളതാണു്. അതെന്താണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വേറെ ചോദ്യം ചോദിച്ചാൽ പറയാം.

തുപ്പണിത്തുറ കേബിൾ ഫാക്ടറി

* 915. [4] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുപ്പണിത്തുറ കേബിൾ ഫാക്ടറിയിൽ എത്രപേർക്കു് ജോലി നൽകാൻ കഴിയും ;

(ബി) അവിടെ ഉല്പാദനം എന്നാരംഭിക്കും ;

(സി) ഫാക്ടറി സ്ഥാപിച്ച സ്ഥലത്തു താമസിച്ചിരുന്നവർക്കു് അർഹിക്കുന്ന പണി ഫാക്ടറിയിൽ നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്തു നടപടി എടുക്കുമെന്നു് വ്യക്തമാക്കുമോ ;

(ഈ) പ്രസ്തുത ഫാക്ടറിയുടെ കിഴക്കുഭാഗത്തുകൂടി ഒരു റോഡു തുറക്കുന്നുള്ള നടപടികൾ എത്രത്തോളമായെന്നു വിശദമാക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉദ്ദേശം 200-നും 300-നും മദ്ധ്യേ ആളുകൾക്കു് ജോലി കൊടുക്കാമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) 1964 അവസാനിക്കുന്നതിനുമുമ്പു ആരംഭിക്കുന്നതാകുന്നു.

(സി) ഫാക്ടറി സ്ഥാപിച്ച സ്ഥലത്തു താമസിച്ചിരുന്നവർ തുല്യയോഗ്യതയുള്ളവരാണെങ്കിൽ അർഹിക്കുന്ന ജോലിക്കു മുൻഗണന നൽകപ്പെടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടു്.

(ഡി) ഗവണ്മെൻറു നിർദ്ദേശമനുസരിച്ചു് കമ്പനി അധികാരികളും പ്രവർത്തിക്കാമെന്നു സമ്മതിച്ചിട്ടുണ്ടു്.

(ഈ) ഫാക്ടറിയുടെ കിഴക്കുഭാഗത്തുകൂടി ഫാക്ടറി അതിർത്തിവരെ ഒരു റോഡുണ്ടാക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടു്. അതിൻറെ പ്രവൃത്തികളും ഉടനെ ആരംഭിക്കുന്നതാണു്.

ഹരിജൻകോളനി ടൈബൽ സെക്രട്ടറിയിൽനിന്നും കിട്ടിയിട്ടുള്ള അപേക്ഷ

* 916. [5] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം താലൂക്കിൽ ഇടമൺ വില്ലേജിൽ ഉറുകുന്നു ഹരിജൻ കോളനിയിൽ ടൈബൽ സെക്രട്ടറിയിൽനിന്നും കിട്ടിയിട്ടുള്ള അപേക്ഷയനുസരിച്ചു് എത്ര ഏക്കർ ഭൂമി അവർക്കായി കൊടുക്കുന്നതിനു തീരുമാനിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വില്ലേജിൽപ്പെട്ട പട്ടികജാതിക്കാക്കും ഒരു കോളനി വേണമെന്നുള്ള നിവേദനം കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) അഞ്ചു് ഏക്കർ മുപ്പതു് സെൻറു് ഭൂമി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) വനസംരക്ഷണത്തിനു ഹാനികരമായതുകൊണ്ടു് കൂടുതൽ സ്ഥലം കോളനിക്കായി കൊടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് നിവേദനം നിരസിച്ചു.

ശ്രീ. ടി. കൃഷ്ണൻ : ഗിരിവർഗ്ഗക്കാക്കു് കോളനി അനുവദിച്ചുകൊടുക്കുന്നതിൽ ഒരു എതിരും പറയാതെ അനുവദിച്ചുകൊടുക്കുന്നതും, പട്ടികജാതിക്കാർ ആവശ്യപ്പെടുമ്പോഴും വനസംരക്ഷണമാണെന്നു് പറയുന്നതും എന്തടിസ്ഥാനത്തിലാണു് ?

ശ്രീ. കെ. കുഞ്ഞമ്പു : ഗിരിവർഗ്ഗക്കാർ അവിടെ പുരാതനമായി താമസിച്ചിരുന്നതുകൊണ്ടാണു് അവക്കു് ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കോളനി ആവശ്യത്തിനുവേണ്ടി ഗവണ്മെൻറു വനങ്ങളിൽനിന്നും വല്ല ജില്ലകളിലും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിൽനിന്നും കോളനിയുടെ ആവശ്യത്തിനുവേണ്ടി തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽതന്നെ മഞ്ഞപ്പാറ എന്ന സ്ഥലത്തുനിന്നു് ഇരുന്നൂറു ഏക്കർ അനുവദിച്ചിട്ടുണ്ടു്. ഇതിനു മുമ്പു കോഴിക്കോട്ടു് ജില്ലയിൽ കുത്താളി എന്ന സ്ഥലത്തുനിന്നും ഇരുന്നൂറു ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ടു്. അതു് എടുക്കുന്നതിനുള്ള സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ : ഇടമൺ വില്ലേജിൽതന്നെ എവിടെയെങ്കിലും പട്ടികജാതിക്കാക്കു് കോളനി അനുവദിച്ചുകൊടുക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനെപ്പറ്റി പരിശോധിക്കാം.

വ്യവസായങ്ങൾ

* 917. [7] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൻെറ കീഴിലും ഗവണ്മെൻറു നിയന്ത്രണത്തിലും ഓഹരി മൂലധനത്തിൽ ഗവണ്മെൻറിനു പങ്കാളിത്തമുള്ളതുമായ വ്യവസായങ്ങൾ ഏതെല്ലാം ;

(ബി) ഓരോ ഇനത്തിൽ പെട്ടതിലും ഗവണ്മെൻറിൻെറ മുതൽ മുടക്കു് എത്ര ; കഴിഞ്ഞ 3 കൊല്ലക്കാലത്തു് അവയുടെ ലാഭനഷ്ടക്കണക്കെത്ര ?

LIBRARY ARCHIVES Kerala Legislative Assembly